# വാസ്കോഡഗാമ

•യൂറോപ്യന്മാർ വ്യാപാരത്തിനായി കേരള തീരത്ത് എത്തിയത് - പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ.

•യൂറോപ്യന്മാരുടെ ആഗമനത്തിനു മുമ്പ് തന്നെ കേരളവുമായി വാണിജ്യബന്ധം പുലർത്തിയിരുന്ന വിദേശികൾ -അറബികൾ, ചൈനാക്കാർ.
•കടൽ മാർഗ്ഗം ഇന്ത്യ കണ്ടെത്താനുള്ള ഔദ്യോഗിക ശ്രമം ആരംഭിച്ചത് - കൊളംബസ്.

•യൂറോപ്യന്മാർക്ക് ഇന്ത്യയിലേക്ക് പുതിയ കടൽമാർഗ്ഗം കണ്ടുപിടിക്കേണ്ടിവന്നതിന് കാരണം - 1453-ൽ ഒട്ടോമൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ (ഇന്ന് ഇസ്താംബൂൾ) പിടിച്ചെടുത്തതോടെ യൂറോപ്പും ഏഷ്യയും തമ്മിലുള്ള പഴയ കരമാർഗ്ഗങ്ങളും കടൽവ്യാപാര വഴികളും തുർക്കികളുടെ നിയന്ത്രണത്തിലായി. ഇതുമൂലം ഇന്ത്യയിലേക്കുള്ള വ്യാപാരം ബുദ്ധിമുട്ടായി.

•ഇന്ത്യയിൽ കടൽമാർഗ്ഗം കച്ചവടത്തിനായെത്തിയ ആദ്യ യൂറോപ്യന്മാർ - പോർച്ചുഗീസുകാർ

•'കേപ്പ് ഓഫ് ഗുഡ്ഹോപ്പ്' വഴി കേരളത്തിലെത്തിച്ചേർന്ന ആദ്യത്തെ യൂറോപ്യൻ ശക്തി - പോർച്ചുഗീസുകാർ

•പോർച്ചുഗീസുകാരുടെ ഇന്ത്യയിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങൾ - ഗോവ, ദാമൻ, ദിയു

•'കാപ്പ്യ' എന്ന് പോർച്ചുഗീസുകാർ വിളിച്ച സ്ഥലം - കാപ്പാട്

•പോർച്ചുഗീസ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ സ്ഥാപിതമായത് - 1628

•"ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം ഭരണം നടത്തിയ യൂറോപ്യന്മാർ - പോർച്ചുഗീസുകാർ

•ഇന്ത്യയിൽ പോർച്ചുഗീസ് സാന്നിദ്ധ്യം ഉണ്ടായിരുന്നത് - 463 വർഷം (1498-1961)

Ablearns

•ആദ്യമായി ഇന്ത്യയിലെത്തിയതും അവസാനമായി ഇന്ത്യ വിട്ടുപോയതുമായ യൂറോപ്യൻ ശക്തികൾ - പോർച്ചുഗീസുകാർ

•പോർച്ചുഗീസുകാർ ഗോവ പിടിച്ചെടുത്തത് - ബീജാപ്പൂർ സുൽത്താനിൽ നിന്ന് (1510)

•ഇന്ത്യയുമായി കച്ചവടബന്ധം സ്ഥാപിച്ച കത്തോലിക്കൻ മതവിഭാഗക്കാർ - പോർച്ചുഗീസുമാർ

•പോർച്ചുഗീസ് രാജാവ് ഇംഗ്ലണ്ടിലെ ചാൾസ് രണ്ടാമന് സ്ത്രീധനമായി നൽകിയ ഇന്ത്യൻ പ്രദേശം ബോംബെ ദ്വീപ്

•"ഇന്ത്യയിലെ അവസാനത്തെ പോർച്ചുഗീസ് ഗവർണർ ജനറൽ

•അൻ്റോണിയോ വാസലോ-ഇ-സിൽവ (1958-61)

•പോർച്ചുഗീസുകാരിൽ നിന്ന് ഗോവയെ മോചിപ്പി ച്ചത്) - 1961 ഡിസംബർ 19

•ഗോവയിൽ പോർച്ചുഗീസുകാർക്കെതിരെ ഇന്ത്യ നടത്തിയ സൈനിക നടപടി - ഓപ്പറേഷൻ വിജയ്

•ഗോവയിലെ സൈനിക നടപടിയെ 'പോലീസ് ആക്ഷൻ' എന്ന് വിശേഷിപ്പിച്ചത് - വി.കെ. കൃഷ്ണമേനോൻ

•പോർച്ചുഗീസുകാർ കോഴിക്കോടിനെ വിളിച്ചിരുന്നത് - കലെക്കുറ്റ് വാസ്കോ ഡ ഗാമ

•കടൽമാർഗ്ഗം ഇന്ത്യയിലെത്തിയ ആദ്യ യൂറോപ്യൻ - വാസ്കോ ഡ ഗാമ

•വാസ്കോ ഡ ഗാമ ഇന്ത്യയിലേയ്ക്കുള്ള ഐതി ഹാസിക യാത്ര ആരംഭിച്ച സ്ഥലം - ലിസ്ബൺ (1497)

•വാസ്കോ ഡ ഗാമയെ ഇന്ത്യയിലേക്ക് അയച്ച പോർച്ചുഗീസ് രാജാവ് - മാനുവൽ ।(ഡോം മാനുവൽ)

•വാസ്കോ ഡ ഗാമ ആദ്യമായി ഇന്ത്യയിലെത്തിയത് - 1498 മെയ് 20 ന്

•കേരളത്തിന്റെ വാണിജ്യ ചരിത്രത്തിൽ പുതിയ യുഗത്തിന് തുടക്കം എന്നറിയപ്പെടുന്നത് - വാസ്കോ ഡ ഗാമയുടെ ആഗമനം

•ഏകദേശം അഞ്ച് നൂറ്റാണ്ടുകളോളം നീണ്ടുനിന്ന യുറോപ്യൻ ആധിപത്യത്തിന് തുടക്കം കുറിച്ച സംഭവം വാസ്കോ ഡ ഗാമയുടെ ആഗമനം

•വാസ്കോ ഡ ഗാമ ഇന്ത്യയിൽ വന്നിറങ്ങിയ സ്ഥലം - കാപ്പാട് (കോഴിക്കോട്)

Ablearns

•വാസ്കോ ഡ ഗാമ സഞ്ചരിച്ച കപ്പലിൻ്റെ പേര് സെന്റ് ഗബ്രിയേൽ

•വാസ്കോ ഡ ഗാമയുടെ കപ്പൽവ്യൂഹത്തിലുണ്ടായിരുന്ന മറ്റു കപ്പലുകൾ - സെന്റ് റാഫേൽ, സെന്റ് ബെറിയോ

•വാസ്കോ ഡ ഗാമയ്ക്കൊപ്പം കേരളത്തിലെത്തിയ പോർച്ചുഗീസ് നാവികൻ - അൽവാരോ വെൻഹോവ്

•വാസ്കോ ഡ ഗാമയുടെ ഭൗതിക ശരീരം ആദ്യം അടക്കം ചെയ്ത് പള്ളി - സെന്റ് ഫ്രാൻസിസ് പള്ളി (കൊച്ചി)

•വാസ്കോ ഡ ഗാമയുടെ ഭൗതിക ശരീരം അടക്കം ചെയ്ത പോർച്ചുഗലിലെ പള്ളി - ജെറോണിമസ്സ് കത്തീഡ്രൽ (ലിസ്ബൺ)

•'വാസ്കോ ഡ ഗാമ' എന്ന സ്ഥലം സ്ഥിതി ചെയ്യുന്ന ഇന്ത്യൻ സംസ്ഥാനം - ഗോവ

•മാനുവൽ രാജാവ് ഗാമയ്ക്ക് ഡോം (പ്രഭു) എന്ന പദവി നൽകി.

•ഇന്ത്യൻ മഹാസമുദ്രത്തിലെ സേനാധിപതി/അധിപൻ എന്നറിയപ്പെട്ടിരുന്നത് - വാസ്കോ ഡ ഗാമ

•മാനുവൽ രാജാവാണ് വാസ്കോ ഡ ഗാമയെ 'ഇന്ത്യൻ മഹാസമുദ്രത്തിലെ സേനാധിപതി/അധിപൻ' എന്നു വിശേഷിപ്പിച്ചത്.

•വാസ്കോ ഡ ഗാമയുടെ ആഗമനത്തെ ഏഷ്യയുടെ ചരിത്രത്തിലെ വാസ്കോ ഡ ഗാമ യുഗത്തിൻ്റെ തുടക്കമാണെന്ന് അഭിപ്രായപ്പെട്ട ചരിത്രകാരൻ - സർദാർ കെ.എം. പണിക്കർ.

•1498 മെയ് 20 - വാസ്കോ ഡ ഗാമ ആദ്യമായി ഇന്ത്യയിൽ എത്തി

•1499 വാസ്കോ ഡ ഗാമ ലിസ്ബണിൽ മടങ്ങി എത്തി

•1502 - വാസ്കോ ഡ ഗാമ രണ്ടാമതായി ഇന്ത്യ യിലെത്തി

•1524 - വാസ്കോ ഡ ഗാമ മൂന്നാമതും അവസാന മായും ഇന്ത്യയിലെത്തി (പോർച്ചുഗീസ് വൈസ്രോ യിയായി)

•1524 ഡിസംബർ 24 - വാസ്കോ ഡ ഗാമ അന്തരിച്ചു

•1539 ൽ വാസ്കോ ഡ ഗാമയുടെ ഭൗതികശരീരം കൊച്ചിയിൽ നിന്നും പോർച്ചുഗലിലേക്ക് കൊണ്ടു പോയി

Ahlearns

## വാസ്കോ ഡ ഗാമയുടെ ഒന്നാം വരവ്

>വാസ്കോ ഡ ഗാമ കോഴിക്കോട് സാമൂതിരിയെ സന്ദർശിച്ചുവെങ്കിലും പോർച്ചുഗീസുകാരുമാ യുള്ള കച്ചവടബന്ധത്തിന് അദ്ദേഹം എതിർപ്പു കാട്ടി.

>നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ചുങ്കം നൽ കാൻ സാമൂതിരി പോർച്ചുഗീസുകാരെ നിർബ ന്ധിച്ചു.

>1498 ആഗസ്റ്റിൽ ഗാമ കോഴിക്കോട് വിട്ട് കോലത്തിരിയുടെ ക്ഷണം സ്വീകരിച്ച് കണ്ണൂ രെത്തി.

>കോലത്തിരി എല്ലാ വാണിജ്യ സൗകര്യങ്ങളും വാഗ്ദാനം ചെയ്യുകയും പോർച്ചുഗീസ് കപ്പലിൽ ചരക്കു കയറ്റുന്നതുമായി ബന്ധപ്പെട്ട് ഗാമയുമായി ഒരു കരാറിൽ ഏർപ്പെടുകയും ചെയ്തു.

>1498-കണ്ണൂരിൽ നിന്നും പുറപ്പെട്ട് 1499 - ൽ ലിസ്ബണിൽ എത്തി.

>ഗാമയുടെ പര്യടനത്തിന് ചെലവായ തുക ആദ്യ പങ്ക് മടങ്ങ് ലാഭം ചരക്കിൽ നിന്ന് ലഭിച്ചു.

## വാസ്കോ ഡ ഗാമയുടെ രണ്ടാം വരവ്

•വാസ്കോ ഡ ഗാമ രണ്ടാമതായി കേരളത്തിലെത്തിയ വർഷം - 1502 (15 കപ്പലുകളും 800 ആളുകളും സംഘത്തിലുണ്ടായിരുന്നു)

•1503ൽ വാസ്കോ ഡ ഗാമ കപ്പലിറങ്ങിയ സ്ഥലം - അഞ്ചി ദ്വീപ്

•ഇന്ത്യൻ മഹാസമുദ്രത്തിൽ കണ്ട എല്ലാ അറബിക്കപ്പലുകളും പിടിച്ചെടുത്തു.

•ഗാമ കണ്ണൂർ സന്ദർശിക്കുകയും കൊച്ചിയിലെ വിലയ്ക്ക് ചരക്കുകൾ വിൽക്കാമെന്ന് കോലത്തിരി സമ്മതിക്കുകയും ചെയ്തു.

•തുടർന്ന് സാമൂതിരിയെ സന്ദർശിച്ച് കോഴിക്കോട് നിന്നും എല്ലാ മുസ്ലീങ്ങളെയും പറഞ്ഞയക്കണമെന്ന് ആവശ്യപ്പെട്ടത്. സാമൂതിരി നിരസിച്ചതിനെ തുടർന്ന് കോഴിക്കോട് നഗരം ആക്രമിക്കുകയും ചെയ്തു.

•തുറമുഖത്തു കിടന്നിരുന്ന അരിക്കപ്പലുകൾ പിടിച്ചെടുത്ത് കപ്പൽ ജോലിക്കാരെ ആക്രമിക്കുകയും ചെയ്തു.

•കൊച്ചി രാജാവിനെ സന്ദർശിച്ച് കൊച്ചിയിൽ വ്യാപാരശാലകളും സൈനിക സങ്കേതങ്ങളും സ്ഥാപിക്കുന്നതിനും പോർച്ചുഗീസ് കപ്പിത്താനും കൊച്ചിരാജാവും നിശ്ചയിക്കുന്ന വിലയ്ക്ക് ചരക്കുകൾ വില്ക്കാമെന്നും വ്യവസ്ഥ ചെയ്ത് ഉടമ്പടി ഒപ്പു വച്ചു.

•കൊച്ചി രാജാവിന്റെ അനുമതിയോടെ കൊല്ലത്ത് നിന്ന് ക്ഷണം സ്വീകരിക്കുകയും കൊച്ചിയിൽ നിന്നും കൊല്ലത്ത് നിന്നും ശേഖരിച്ച ഭീമമായ ചരക്കുമായി ഗാമ ലിസ്ബണിലേക്ക് മടങ്ങി

•വാസ്കോ ഡ ഗാമ മൂന്നാമതായി (അവസാ നമായി) കേരളത്തിലെത്തിയ വർഷം - 1524 വാസ്കോ ഡ ഗാമ പോർച്ചുഗീസ് വൈസ്രോയിയായി എത്തിയ വർഷം - 1524 (2)

•ഡിസൂസയുടെ നേതൃത്വത്തിലുള്ള നാവികസേനയെ ഗോവയിൽ നിന്നും കോഴിക്കോട്ടേക്ക് അയച്ച് പരാജയപ്പെടുത്തിയത് - കുട്ടി ആലി

•കണ്ണൂർ രാജാവ് പോർച്ചുഗീസുകാർക്ക് വിട്ടു കൊടുത്ത അദ്ദേഹത്തിൻറെ പ്രശസ്തനായ കപ്പിത്താൻ - വലിയ ഹസ്സൻ

•മൂന്ന് മാസത്തെ ഭരണശേഷം വാസ്കോ ഡ ഗാമ അന്തരിച്ചു.

<u>കൊച്ചി-കോഴിക്കോട് യുദ്ധം</u>

•കൊച്ചി രാജാവും പോർച്ചുഗീസുകാരും തമ്മിൽ വളർന്നു വന്ന സൗഹൃദം കോഴിക്കോട് സാമൂതിരിയെ അസ്വസ്ഥനാക്കി.

Aklearns

•എല്ലാ പോർച്ചുഗീസുകാരെയും കൊച്ചിയിൽ നിന്ന് പറഞ്ഞയയ്ക്കണമെന്ന് സാമൂതിരി അയച്ച സന്ദേശം കൊച്ചി രാജാവ് നിരസിച്ചു.

•തുടർന്ന് 1503 മാർച്ച് 1 ന് കോഴിക്കോട് സൈന്യം കൊച്ചിയിലേക്ക് നീങ്ങി.

•തുടർന്നുള്ള യുദ്ധത്തിൽ കൊച്ചിക്ക് വൻനാശനഷ്ടമുണ്ടായി കൂടാതെ കൊച്ചിയിലെ 3 രാജാക്കാന്മാർ മരണപ്പെട്ടു.

•യുദ്ധഭയത്തെ തുടർന്ന് കൊച്ചി രാജാവ് അഭയം തേടിയ ക്ഷേത്രം - എളങ്ങുന്നപ്പുഴ ക്ഷേത്രം

•മഴക്കാലമായപ്പോൾ സുശക്തമായ ഒരു സൈന്യ വിഭാഗത്തെ കൊച്ചിയിൽ നിർത്തിയിട്ട് സാമൂതിരി കോഴിക്കോട്ടേക്ക് മടങ്ങി.

•ഇതേ കാലഘട്ടത്തിൽ കൊച്ചിയിലെത്തിയ പോർച്ചുഗീസ് നാവിക വിഭാഗത്തിന് നേതൃത്വം നൽകിയത് - ഫ്രാൻസിസ്കോ അൽബുക്കർക്ക്

Ablearns